**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2108** **30-07-2021 - ൽ മറുപടിയ്ക്ക്**

**വർക്കല മണ്ഡലത്തിൽ അംബേദ്കർ സ്വയം പര്യാപ്ത ഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | കഴിഞ്ഞ സർക്കാർ വർക്കല മണ്ഡലത്തിൽ അംബേദ്കർ സ്വയം പര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) | 1. ഇ.പി കോളനി നവീകരണം - (വർക്കല ബ്ലോക്ക്)<br>2. കൈപ്പടക്കോണം പുളിയറക്കോണം കോളനി നവീകരണം (കിളിമാനൂർ ബ്ലോക്ക്) |
| (ബി) | അവയുടെ നിർമ്മാണ പുരോഗതിയും സ്വീകരിച്ചിട്ടുള്ള നടപടികളെയും സംബന്ധിച്ച വിശദ വിവരം നൽകാമോ; | (ബി) | ഈ കോളനിയിൽ ഒന്നാം ഗഡുവായി 50 ലക്ഷം രൂപ നിർവ്വഹണ ഏജൻസിയായ ജില്ലാ നിർമ്മിതി കേന്ദ്രത്തിനു നൽകി. റീടെയിനിംഗ് വാൾ, സൈഡ് വാൾ എന്നിവയുടെ നിർമ്മാണം, 16 വീടുകളുടെ പുനരുദ്ധാരണം എന്നിവയാണ് പദ്ധതി പ്രകാരമുള്ള പ്രവർത്തികൾ. പദ്ധതി പൂർത്തീകരിച്ച ഉദ്ഘാടനം കഴിഞ്ഞു. കൈപ്പടക്കോണം പുളിയറക്കോണം കോളനിയും പൂർത്തീകരണ ഉദ്ഘാടനവും കഴിഞ്ഞു. നിർവ്വഹണ ഏജൻസിയായ ജില്ലാ നിർമ്മിതി കേന്ദ്രത്തിനും ആദ്യ ഗഡുവായി 50 ലക്ഷവും രണ്ടാം ഗഡുവായി 30 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. കോൺക്രീറ്റ് റോഡിന്റെ നിർമ്മാണം Irish Drain പുനരുദ്ധാരണം ബോർവെൽ നിർമ്മാണം 2 ടാങ്കുകൾ സ്ഥാപിക്കൽ, കുടിവെള്ള വിതരണം, 20 വീടുകളുടെ പുനരുദ്ധാരണം എന്നിവയായിരുന്നു പ്രവൃത്തികൾ |
| (സി) | പൂർത്തീകരിക്കാത്ത പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | പദ്ധതികൾ പൂർത്തീകരിച്ച് ഉദ്ഘാടനം കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ